**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 408** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഡ്രൈ ഡേ പിൻവലിക്കാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഡ്രൈ ഡേ പിൻവലിച്ച് ഐ.ടി. പാർക്കുകളിൽ മദ്യം വിതരണം ചെയ്യുന്നത് കൊണ്ട് സർക്കാരിന് എത്ര തുക അധിക വരുമാനമായി ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ; | (എ) | ഡ്രൈ ഡേ പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. ഡ്രൈ ഡേയും ഐ. ടി പാർക്കുകളിൽ മദ്യം ലഭ്യമാക്കുന്നതും തമ്മിൽ ബന്ധമില്ല. ഐ. ടി പാർക്കുകളിൽ മദ്യം ലഭ്യമാക്കുന്നതിന് ലൈസൻസ് നൽകാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ചട്ടം രൂപീകരിക്കുന്ന പ്രക്രിയ നടന്നുവരുന്നു. ഇത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയെടുത്ത തീരുമാനം അല്ല. |
| (ബി) | സംസ്ഥാനത്ത് ക്രമാതീതമായി വലിയ ക്രിമിനൽ കുറ്റങ്ങൾ ഉണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് മദ്യത്തിന്റെ അമിതമായ ഉപയോഗവും മദ്യം സുലഭമായി ലഭിക്കുന്നതുമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് എന്ത് പരിഹാരമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല |
| (സി) | ഡ്രൈ ഡേ പിൻവലിക്കുന്ന നടപടി ഒഴിവാക്കുന്നതിനെ കുറിച്ച് ആലോചന നടത്തുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ